പുതിയതായി തുടങ്ങിയ മെഡിക്കൽ കോളേജുകൾ

117 (824) ശ്രീ. എ. കെ. ബാലൻ :

ശ്രീ. വി. ശിവൻകുട്ടി :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി പ്രവർത്തനം ആരംഭിച്ച മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ കൗൺസിൽ മാനദണ്ഡപ്രകാരമുള്ള മെഡിക്കൽ/പാരാമെഡിക്കൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഇവരെ മറ്റ് മെഡിക്കൽ കോളേജുകളിൽ നിന്ന് മാറ്റി നിയമിക്കുകയായിരുന്നോ ; പ്രസ്തുത നിയമനത്തിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) മെഡിക്കൽ ജീവനക്കാരെ മാറ്റി നിയമിച്ചതു കാരണം മറ്റ് മെഡിക്കൽ കോളേജുകളിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും കടുത്ത അഭാവം നേരിടുന്നതായി ഡോക്ടർമാർ ഉന്നയിക്കുന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ ;

(സി) തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ ഗർഭസ്ഥശിശു മരിക്കാനിടയായത് തിരക്കുകാരണം ശ്രദ്ധിക്കാനാവാത്തതുകൊണ്ടും പാരാമെഡിക്കൽ ജീവനക്കാരുടെ അഭാവം കൊണ്ടുമാണെന്ന ഡോക്ടർമാരുടെ കറ്റസമ്മതത്തിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജുകളിലെ മെഡിക്കൽ/പാരാമെഡിക്കൽ ജീവനക്കാരുടെ ഒഴിവു നികത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) മെഡിക്കൽ കോളേജുകളിൽ ആകെ എത്ര മെഡിക്കൽ- പാരാമെഡിക്കൽ ജീവനക്കാരുടെ ഒഴിവുകളുണ്ടെന്ന വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly